| 04-09-2023 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
| --- | --- | --- | --- | --- |

**മധുരമായ കുട്ടികളെ- ജ്ഞാനസാഗരനായ അച്ഛനിൽ നിന്നും സമ്പത്ത് നേടണമെങ്കിൽ കഠിനപ്രയത്നം ചെയ്ത് പഠിപ്പ് തീർച്ചയായും പഠിക്കണം, പഠിപ്പിലൂടെ തന്നെയാണ് രാജപദവി അഥവാ ജീവന്മുക്ത പദവി പ്രാപ്തമാകുന്നത്.**

**ചോദ്യം**-ജ്ഞാനമാർഗ്ഗത്തിൽ സ്ഥായിയായി നിലനിൽക്കാൻ കഴിയുന്നത് ആർക്കാണ്? ഉയർന്ന പദവി പ്രാപ്തമാക്കുന്നതിനുള്ള ആധാരം എന്താണ്?
**ഉത്തരം**- ആർക്കാണോ പഠിപ്പിലല്ലാതെ മറ്റൊന്നിലും താല്പര്യമില്ലാത്തത്, ജ്ഞാനത്തിന്റെ പരിപക്വ അവസ്ഥയുള്ളത്, അവർക്കാണ് ഈ ജ്ഞാനമാർഗ്ഗത്തിൽ നിലനിൽക്കാൻ കഴിയുക. ബാക്കി ധ്യാനത്തിൽപോയി സാക്ഷാത്ക്കാരം ചെയ്യുന്നതിനുള്ള ആഗ്രഹം വെയ്ക്കുക, കളിച്ചുല്ലസിക്കുക , ഇതിൽ ഒരു പ്രയോജനവുമില്ല, ഇതിലൂടെ മായ കൂടുതൽ പ്രവേശിക്കും, പിന്നീട് അച്ഛന്റെ കൈ അഥവാ പഠിപ്പ് ഉപേക്ഷിക്കുന്നു. ഉയർന്ന പദവിയ്ക്കുവേണ്ടി പഠിപ്പിൽ പരിപൂർണ്ണ ശ്രദ്ധ വേണം.

**ഗീതം**- അങ്ങ് തന്നെയാണ് മാതാവ്.........

**ഓംശാന്തി**. ഓം ശാന്തിയുടെ അർത്ഥം കുട്ടികൾക്ക് മനസ്സിലാക്കിത്തന്നിട്ടുണ്ട്. ആരാണോ ധാർമ്മിക മനസ്ഥിതിയുള്ളവർ അഥവാ ധർമ്മാത്മാക്കൾ അവർ ക്ഷേത്രങ്ങൾ, തീർത്ഥസ്ഥാനങ്ങൾ എന്നിവിടങ്ങളിൽ പോകുമ്പോൾ അവരുടെ വായിൽനിന്ന് ഓംശാന്തി എന്ന വാക്ക് വരുന്നു. പക്ഷേ അവർക്ക് അർത്ഥമൊന്നും അറിയില്ല. നമ്മളും പറയുന്നു ഓംശാന്തി, ഞാൻ ആത്മാവാകുന്നു. ആത്മാവ് എന്ന വാക്ക് തീർച്ചയായും വരുന്നു. സുപ്രീം സോൾ അഥവാ ആത്മാവ് പറയുന്നു ഓംശാന്തി. ഞാൻ ആത്മാവാണ്, എന്റെ സ്വധർമ്മം ശാന്തിയാണ്. ആത്മാവ് തന്റെ കർത്തവ്യമെന്തെന്ന് പറയുന്നു. അച്ഛനും പറയുന്നു ഓംശാന്തി. ഞാനും ആത്മാവ് തന്നെയാണ് എന്നാൽ എന്നെ പരമാത്മാവ് എന്ന് വിളിക്കുന്നു എന്തുകൊണ്ടെന്നാൽ ഞാൻ സദാ പരമധാമത്തിൽ വസിക്കുന്നു. ഞാൻ ജനന മരണത്തിലേയ്ക്ക് വരുന്നില്ല. അച്ഛൻ സന്മുഖത്ത് വന്ന് പറയുന്നു നിങ്ങൾ പുനർജന്മങ്ങളിലേയ്ക്ക് വരുന്നു, നിങ്ങൾ ദേഹധാരികളാണ്. സൂക്ഷ്മവതനത്തിലുള്ളവരും സൂക്ഷ്മ ദേഹധാരികളാണ്. ഞാൻ ഇതിൽ നിന്നും ഉപരിയാണ്. എനിക്ക് സ്ഥൂലമായ ഒരു ശരീരവുമില്ല. സൂക്ഷ്മ ശരീരധാരികളെ പറയുന്നു- ഇത് ബ്രഹ്മാവാണ്, ഇത് വിഷ്ണുവാണ്, ഇത് ശങ്കരനാണ്. പേര് ശരീരത്തിന്റേതായില്ലേ, ആത്മാവിന്റേതല്ലല്ലോ. ആത്മാവ് ശരീരം ധാരണ ചെയ്യുന്നു, അപ്പോൾ ശരീരത്തിനാണ് പേര് വീഴുന്നത്. ആരെങ്കിലും മരിക്കുകയാണെങ്കിൽ പറയും ഇന്നയാൾ ശരീരം ഉപേക്ഷിച്ചു. പേര് ശരീരത്തോടെ അവസാനിക്കുന്നു, പിന്നീട് പോയി അടുത്ത ശരീരമെടുക്കും. പരമപിതാ പരമാത്മാവ് ഒരു ശരീരം ഉപേക്ഷിച്ച് രണ്ടാമത് ഒന്ന് എടുത്തു എന്ന് പറയാറില്ല. എല്ലാവരുടേയും ശരീരത്തിനാണ് പേര് വെയ്ക്കുന്നത്. നിങ്ങൾ കുട്ടികൾ എന്റേതായി മാറുമ്പോൾ നിങ്ങൾക്കും രണ്ടാമത് ഒരു പേര് നൽകുന്നു. ഇങ്ങനെ ഗുരുക്കന്മാർ പേര് നൽകാറില്ലേ. ഇക്കാലത്ത് കന്യകയുടെ വിവാഹം കഴിയുമ്പോൾ അവരുടേയും പേര് മാറുന്നു. പുരുഷന്റെ പേര് മാറുന്നില്ല എന്തെന്നാൽ പുരുഷന് തന്റെ പേര് വെച്ച് തൊഴിൽ ചെയ്യണം. മാതാക്കൾക്ക് തൊഴിലില്ല അതിനാൽ അവരുടെ പേര് മാറ്റുക സാധ്യമാണ്. ഇൻഷ്വറൻസ്, ബിസിനസ്സ് മുതലായവയിൽ പുരുഷന്മാരുടെ പേരായിരിക്കും. ഇപ്പോൾ ബാബ മനസ്സിലാക്കിത്തരുകയാണ്- എല്ലാവരും ഓർമ്മിക്കുന്നുണ്ട് അങ്ങ് മാതാ പിതാവാണ്, കൂട്ടുകാരനാണ്, തോണിക്കാരനാണ്, അങ്ങ് ഞങ്ങളെ കൂടെ കൊണ്ടുപോകുന്നവനാണ്. നോക്കൂ, എത്ര സംബന്ധങ്ങളിൽ വന്നു. ശരീരത്തെ ഉപേക്ഷിച്ച് അങ്ങയുടെ കൂടെ വരണം. നിങ്ങൾ കുട്ടികൾക്ക് അറിയാം- തോണിക്കാരൻ നമ്മളെ കൂടെ കൊണ്ടുപോകും.

അച്ഛന് എത്ര മഹിമകളാണ്! എങ്കിൽ അച്ഛൻ എപ്പോഴാണ് വന്നത്? എപ്പോൾ വന്ന് കൂട്ടുകാരനാകും? ഇതറിയില്ല. പറയുന്നു എപ്പോഴാണോ ഭക്തിമാർഗ്ഗത്തിന്റെ അന്ത്യമുണ്ടാകുന്നത് അപ്പോൾ ഭക്തരെ രക്ഷിക്കാൻ എനിക്ക് വരേണ്ടിവരുന്നു. എനിക്ക് തോണിക്കാരനായി മാറി തിരികെ കൊണ്ടുപോകണം. നിങ്ങൾക്ക് അറിയാം എങ്ങനെ വന്ന് മാതാപിതാവായി. ബാബയെയാണ് തോണിക്കാരൻ, ഗുരു എന്നെല്ലാം പറയുന്നത്. മോശമായ ലോകത്തിൽ നിന്ന്, ജീവൻബന്ധനത്തിൽ നിന്നും ജീവന്മുക്തിയിലേയ്ക്ക് കൊണ്ടുപോകുന്നു, അതിനാൽ ബാബയെ പതിതപാവനൻ തോണിക്കാരൻ എന്ന് വിളിക്കുന്നു. പുതിയ ലോകമെന്ന് പറയുന്നത് സത്യയുഗത്തേയാണ്. ലോകം ഇതുതന്നെയാണ്, കേവലം പഴയ സൃഷ്ടിയുടെ വിനാശമുണ്ടാകുന്നു. എങ്ങനെയാണോ പഴയ വീട്ടിൽ ഇരുന്ന് പുതിയ വീട് വെയ്ക്കുന്നത്, പിന്നീട് പഴയ വീട് ഉപേക്ഷിക്കാറില്ലേ , ഇവിടെയും എപ്പോഴാണോ സ്ഥാപന പൂർത്തിയാകുന്നത് അപ്പോൾ പഴയ ലോകത്തിന്റെ

വിനാശമുണ്ടാകുന്നു. ത്രിമൂർത്തികളുടെ അർത്ഥവും മനസ്സിലാക്കിത്തന്നിട്ടുണ്ട്. ബ്രഹ്മാവിലൂടെ സ്വർഗ്ഗത്തിന്റെ സ്ഥാപന ചെയ്യുക എന്നത് പരമപിതാ പരമാത്മാവിന്റെ തന്നെ ജോലിയാണ്. ബ്രഹ്മാവിലൂടെ ചെയ്യിക്കുന്നു എന്തുകൊണ്ടെന്നാൽ ബാബ ചെയ്യുന്നവനും ചെയ്യിപ്പിക്കുന്നവനുമാണ്. അച്ഛൻ സന്മുഖത്ത് വന്ന് മനസ്സിലാക്കിത്തരുകയാണ്. ബ്രഹ്മാവിലൂടെ സഹജരാജയോഗവും ജ്ഞാനവും നിങ്ങൾ ബ്രഹ്മാമുഖ വംശാവലികൾക്ക് ഇരുന്ന് പഠിപ്പിച്ചുതരികയാണ്. ഭാവിയിലെ 21 ജന്മങ്ങളിലേയ്ക്ക് നിങ്ങൾ ദേവീദേവതാ പദവി നേടും, നമ്പർവൈസ് പുരുഷാർത്ഥം അനുസരിച്ച്.

നിങ്ങൾക്ക് അറിയാം നമ്മൾ മാതാപിതാവിൽ നിന്നും പഠിച്ച്കൊണ്ടിരിക്കുകയാണ്, ഇത് ഈശ്വരീയ വിശ്വ വിദ്യാലയമാണ്. അഥവാ പഠിപ്പ് ഉപേക്ഷിക്കുകയാണെങ്കിൽ മനസ്സിലാക്കും ഇവരുടെ ഭാഗ്യത്തിലില്ല. സ്ക്കൂളിലേയ്ക്ക് പോവുക തന്നെവേണം. അച്ഛൻ വന്ന് ഈ ബ്രഹ്മാശരീരത്തിലൂടെ പഠിപ്പിക്കുകയാണ്. അതിനാൽ കുട്ടികൾ എവിടെയുമാകട്ടെ, ഏത് സെന്ററിലുമായിക്കൊള്ളട്ടെ, കുട്ടികൾക്ക് അറിയാം ജ്ഞാനസാഗരനായ പാരലൗകിക പരമപിതാ പരമാത്മാവിൽ നിന്നും നമുക്ക് ജീവന്മുക്തി അഥവാ രാജധാനിയുടെ സമ്പത്ത് എടുക്കണം. അഥവാ ഞങ്ങൾ പഠിപ്പ് ഉപേക്ഷിച്ചാൽ സമ്പത്ത് എടുക്കാൻ കഴിയില്ല. അച്ഛൻ വന്നിരിക്കുന്നത് കൂടെ കൊണ്ടുപോകാനാണ്. പുതിയ ലോകത്തിന്റെ സ്ഥാപന നടക്കും, പിന്നീട് തോണിക്കാരൻ എല്ലാവരേയും കൊണ്ടുപോകും. നിങ്ങൾക്ക് തോണിക്കാരനേയും അറിയാം പിന്നെ ആരിലൂടെയാണോ സ്ഥാപന, വിനാശം, പാലന ചെയ്യിക്കുന്നത് അവരേയും അറിയാം. ഈ പഠിപ്പിലൂടെ ആരാണോ ലക്ഷ്മീ നാരായണനായി മാറി പിന്നീട് രാജ്യം ഭരിക്കുന്നത് അവരേയും അറിയാം. മനസ്സിലാക്കുന്നുണ്ട് നമ്മൾ ഈ പഠിപ്പിലൂടെ രാജ്യപദവി പ്രാപ്തമാക്കുകയാണ്. ആര് എത്ര പഠിക്കുന്നുവോ........... പഠിപ്പ് പഠിക്കുന്നില്ലെങ്കിൽ പദവി ഭ്രഷ്ടമാകും. ഇത് രാജയോഗത്തിന്റെ പഠിപ്പാണ്. വളരെ അധികം കുട്ടികൾ പഠിച്ച് പഠിച്ച് ക്ഷീണിച്ചുപോകുന്നു. പഠിക്കുന്നില്ല അർത്ഥം ക്ഷീണിക്കുക. പറയുന്നു– മതി, ഇനി മുന്നോട്ട് പഠിക്കാൻ ഞങ്ങൾക്ക് സാധിക്കില്ല. ഈ പഠിപ്പിൽ ചിലവിന്റെ കാര്യമില്ല. ആ പഠിപ്പിൽ പാവങ്ങൾക്ക് പഠിപ്പിനുള്ള പണം നൽകാൻ കഴിഞ്ഞില്ലെങ്കിൽ പഠിപ്പ് ഉപേക്ഷിക്കുന്നു. പക്ഷേ ആർക്കാണോ പഠിപ്പിൽ അത്രയും താല്പര്യമുള്ളത് അവർ ഗവൺമെന്റിനോട് അപേക്ഷിക്കും ഞങ്ങൾ പഠിക്കാൻ ആഗ്രഹിക്കുന്നു എന്നാൽ പൈസയില്ല. പിന്നീട് അവർക്ക് ഗവൺമെന്റ് പണം നൽകുന്നു. എങ്ങനെയെങ്കിലും അപേക്ഷിക്കും ഞാൻ പഠിക്കാൻ ആഗ്രഹിക്കുന്നു എന്നാൽ എന്റെ അച്ഛന്റെ കൈവശം പണമില്ല, ഞങ്ങളെ സഹായിക്കൂ. ഗവൺമെന്റിന് പൈസയില്ലാത്ത കാരണത്താൽ നിരസിക്കുന്നു. കരുതുന്നു നമുക്ക് തീർച്ചയായും പഠിക്കണം പിന്നീട് എന്ത് ചെയ്യും? വളരെ ധനികനും ദാനിയുമായ ആളുകളുടെ അടുത്തേയ്ക്ക് പോകും. ഞങ്ങളുടെ മാതാപിതാക്കൾ വളരെ ദരിദ്രരാണ് ഞങ്ങൾ പഠിച്ച് സേവനം ചെയ്യാൻ ആഗ്രഹിക്കുന്നു, താങ്കൾക്ക് ഞങ്ങളെ സഹായിക്കാൻ സാധിക്കുമോ? ധാർമ്മിക മനസ്ഥിതിയുള്ളവർ സഹായിക്കും. കന്യകയ്ക്ക് ഇങ്ങനെ അപേക്ഷിക്കാൻ സാധിക്കില്ല, പുരുഷന്മാർക്ക് കഴിയും. പഠിക്കുന്നതിലൂടെ വരുമാനം കൂടുതൽ ഉണ്ടാകും. ഇവിടെ ഇത് പഠിപ്പുമാണ് കച്ചവടവുമാണ്. അച്ഛൻ കച്ചവടക്കാരനും രത്നാകാരനും പിന്നെ ജ്ഞാനസാഗരവുമാണ്.

ജ്ഞാനസാഗരനായ പരിധിയില്ലാത്ത മാതാപിതാവ് പറയുന്നു– ഞാൻ കല്പം മുമ്പത്തേതുപോലെ നിങ്ങളെ സഹജരാജയോഗം പഠിപ്പിച്ച് രാജാക്കന്മാരുടേയും രാജാവാക്കി മാറ്റുന്നു. എല്ലാ പോയിന്റ്സും ധാരണ ചെയ്യണം. ബാലകരുടെ ബുദ്ധിയിൽ എല്ലാം ധാരണ ചെയ്യാൻ കഴിയും. എല്ലാം ബുദ്ധിയുടെ ആധാരത്തിലാണ്. ചിലരുടേത് സതോപ്രധാനം, ചിലരുടേത് സതോ, ചിലരുടേത് രജോ, തമോ ബുദ്ധിയായിരിക്കും. ആ സ്ക്കൂളിലും വിദ്യാർത്ഥികൾക്ക് അറിയാം ഇവരുടെ ബുദ്ധി എങ്ങനെയുള്ളതാണ്. സതോപ്രധാനബുദ്ധിയുള്ളവർ പദവിയോടെ പാസാകും. അവർക്കാണ് പ്രശംസ ലഭിക്കുക. സ്കോളർഷിപ്പും ലഭിക്കുന്നു. ഇത് പരിധിയില്ലാത്ത സ്ക്കൂളാണ്. ഇവിടെയും സതോ, രജോ, തമോ ബുദ്ധിയുള്ളവരുണ്ട്. ഇവിടെ ലക്ഷ്യം ഒന്നേയുള്ളൂ. ഇതാണ് രാജയോഗം. ഈശ്വരീയ പഠിപ്പ് ഒന്നേയുള്ളൂ. അച്ഛൻ പറയുന്നു ഞാൻ നിങ്ങൾ എല്ലാ കുട്ടികളേയും രാജയോഗം പഠിപ്പിക്കുന്നു. അതിനാൽ എത്രത്തോളം പുരുഷാർത്ഥം ചെയ്യുന്നുവോ അത്രയും ഉയർന്ന പദവി നേടും. ഉയർന്ന പദവി എന്താണെന്ന് മനസ്സിലാക്കിയല്ലോ. നമ്പർവൈസായി പദവി നേടും. അച്ഛന് എല്ലാവരോടും സ്നേഹമുണ്ട്. എല്ലാവരേയും മായയുടെ ചങ്ങലയിൽ നിന്നും മോചിപ്പിക്കാനാണ് വന്നത്. ഞാൻ കല്പ കല്പം നിങ്ങളെ രാജയോഗം പഠിപ്പിക്കുന്നു, ഇങ്ങനെ മറ്റാർക്കും പറയാൻ സാധിക്കില്ല. ഈ അച്ഛൻ തന്നെയാണ് പറയുന്നത് കല്പ കല്പം, കല്പത്തിന്റെ സംഗമയുഗം തോറും വരുന്നു. മനുഷ്യർ പിന്നീട് യുഗേ യുഗേ എന്ന് എഴുതി എത്ര തെറ്റ് ചെയ്തു. അച്ഛൻ പറയുന്നു ഞാൻ പതീതപാവനനാണ്. ഞാൻ വരുന്നു നിങ്ങളെ പാവനമാക്കി മാറ്റാൻ, കലിയുഗത്തിന്റെ അന്ത്യത്തിനും സത്യയുഗത്തിന്റെ ആദിയുടേയും സംഗമത്തിൽ. ഈ സമയത്ത് അച്ഛൻ വന്നിരിക്കുകയാണെങ്കിൽ നല്ലരീതിയിൽ പഠിക്കണം, വിനാശവും സംഭവിക്കാൻ പോവുകയാണ്. 20 നഖങ്ങളുടേയും ശക്തി

(കഠിനപ്രയത്നം) ഉപയോഗിച്ച് പഠിക്കണം, ധൈര്യം കാണിക്കണം. പഠിപ്പ് ഉപേക്ഷിക്കരുത്. ആരാണോ പഠിപ്പ് ഉപേക്ഷിക്കുന്നത് അവർ തോറ്റുപോകുന്നു, വീഴുന്നു. കുട്ടികൾക്ക് മുന്നറിയിപ്പ് ലഭിക്കുന്നു. കാമത്തിന്റെ, ക്രോധത്തിന്റെ, ലോപത്തിന്റെ, മോഹത്തിന്റെ ഒരു ഭൂതവും വരരുത്. ഞാൻ ലക്ഷ്മിയെ വരിക്കാൻ യോഗ്യനാണോ എന്ന് ഹൃദയമാകുന്ന കണ്ണാടിയിൽ പരിശോധിക്കണം. നാരദന്റെ ഒരു ഉദാഹരണം കാണിച്ചുവെന്നു മാത്രം. നിങ്ങൾ എല്ലാവരും ഭക്തരല്ലേ. ഭക്തരിൽ പുരുഷന്മാരിൽ ഉത്തമൻ നാരദനെന്നും സ്ത്രീകളിൽ ഉത്തമ മീരയെന്നും പാടപ്പെട്ടിട്ടുണ്ട്. അത് ഭക്തിമാർഗ്ഗമാണ്. ജ്ഞാനമാർഗ്ഗത്തിൽ നോക്കൂ- മമ്മാ ബാബ പ്രശസ്ഥരാണ്. പിന്നീട് അവരുടെ വിജയമാലയും ഉണ്ടാക്കിയിട്ടുണ്ട്. ആരാണോ സുഖം നൽകുന്നത് അവരെയാണ് സ്മരിക്കുക. അവരുടെ ഓർമ്മചിഹ്നങ്ങൾ ഉണ്ടാക്കുന്നു. ഇപ്പോൾ അവർ എന്താണ് ചെയ്തത്? ചിലർ കോളേജ് തുറന്നു, ദാനപുണ്യങ്ങൾ ചെയ്തു, പിന്നെ എന്താണ് ചെയ്തത്? ഇപ്പോൾ ഇംഗ്ലീഷുകാരിൽ നിന്നും രാജ്യം നേടി കോൺഗ്രസുകാർ രാജ്യം ഭരിക്കുന്നു. ബാബ പറയുന്നു ഇന്ന് രാജ്യം മരീചിക പോലെയാണ്. ഇവിടെ എത്രതന്നെ സുഖം ഉണ്ടെങ്കിലും അതെല്ലാം മൃഗതൃഷ്ണയാണ്. പുറത്ത് വലിയ ജാടയാണ്. ഈ സയൻസും 100 വർഷം നടക്കും. ഈ ദാദ ബോംബെയിൽ സർവ്വീസ് ചെയ്തുകൊണ്ടിരുന്നപ്പോൾ ഇലക്ട്രിസിറ്റിയോ ടെലഫോണോ ഒന്നും തന്നെയുണ്ടായിരുന്നില്ല. ഇപ്പോൾ സയൻസ് എത്ര അത്ഭുതങ്ങളാണ് കാണിക്കുന്നത്. ഇപ്പോൾ കുറച്ച് വർഷങ്ങളേ അവശേഷിക്കുന്നുള്ളു. സയൻസിന്റെ പ്രൗഢി 100 വർഷങ്ങൾക്ക് മുമ്പാണ് ആരംഭിച്ചത്. സത്യയുഗത്തിന്റെ 100 വർഷങ്ങൾക്കുള്ളിൽ എന്തെല്ലാം ചെയ്യും എന്നറിയില്ല. ഇവിടെ നിന്ന് എന്തെല്ലാം കൊണ്ടുപോകുന്നോ ആ വസ്തുക്കളെല്ലാം അവിടെയും ഉണ്ടാകും. നിങ്ങൾ അഖണ്ഡവും അചഞ്ചലവുമായ സുഖശാന്തിമയ രാജ്യം ഭരിക്കാനാണ് എല്ലാം കൊണ്ടുപോകുന്നത്. അതിനാൽ പഠിപ്പിൽ വളരെ ശ്രദ്ധവെയ്ക്കണം, വളരെയധികം പുരുഷാർത്ഥം ചെയ്യണം.

നിങ്ങൾക്ക് അറിയാം ഈ മാതാപിതാവിൽ നിന്നും സുഖം അളവറ്റത് ലഭിക്കുന്നു പിന്നെ മുന്നോട്ട് പോകവേ ഉപേക്ഷിക്കുന്നു അർത്ഥം ഒന്നും കേൾക്കുന്നേയില്ല. ഒന്നും കേൾക്കാതെ തന്റെ ജോലിവേലകളിൽ മുഴുകിയാൽ അവസാനിച്ചു. ആരാണോ നേടിയത് അവർ നേടി. കൈ വിട്ടാൽ മായ അപ്പാടെ വിഴുങ്ങുന്നു. ആനയെ മായയാകുന്ന മുതല വിഴുങ്ങിക്കളയുന്നു. ഇത് സംഭവിക്കുക തന്നെ വേണം. നിങ്ങൾ കാണുന്നുണ്ട്- എങ്ങനെ നല്ല നല്ല, വലിയ വലിയ ക്ഷണങ്ങൾ നൽകിയ, സെന്റർ തുറന്ന കുട്ടികൾ പോലും പഠിപ്പ് ഉപേക്ഷിക്കുന്നു. പറയും- ഡ്രാമ അനുസരിച്ച് ഇവരുടെ ഭാഗ്യത്തിൽ ഇത്രയേ ഉണ്ടായിരുന്നുള്ളു. പിന്നീട് അവരുടെ അവസ്ഥ എന്താകും? മായ മുഴുവനായി വിഴുങ്ങും. എത്രപേർ വിട്ടുപോയി. വളരെ അധികം ധ്യാനത്തിൽ പോകുന്നവർ, രാസലീലകൾ നടത്തിയവർ ഇന്നില്ല. ധ്യാനത്തിൽ പോവുന്നതിനും, സാക്ഷാത്ക്കാരം കാണുന്നതിനുമുള്ള ആഗ്രഹം ഒരിയ്ക്കലും വെയ്ക്കരുത്. ആഗ്രഹം വെച്ചാൽ ആഗ്രഹത്തിന് വിഘ്നമുണ്ടാകും. മായയുടെ ഭൂതവും പ്രവേശിക്കുന്നു. ധ്യാനത്തിന്റെ പാർട്ട് എത്ര നടന്നു. ആരാണോ ആറേഴ് ദിവസങ്ങൾ തന്റെ കുട്ടിക്കാലത്തെ പാർട്ടിൽ ഇരുന്നത്, മഹാറാണിയായത് , അവർ ഇന്നില്ല. ഇതിലൂടെ ഒരു പ്രയോജനവുമില്ല. ജ്ഞാനത്തിന്റെ പരിപക്വ അവസ്ഥയുള്ളവർക്കേ നിലനിൽക്കാൻ കഴിയൂ. ഒരിയ്ക്കലും ധ്യാനത്തിലേയ്ക്ക് പോകണമെന്ന ആഗ്രഹം വെയ്ക്കരുത്. ബാബ എന്താണോ പഠിപ്പിക്കുന്നത് അത് ധാരണ ചെയ്യണം. എത്രത്തോളം പഠിക്കുന്നോ അത്രയും ഉയർന്ന പദവി നേടും. നിങ്ങൾ കുട്ടികൾക്ക് ഓർമ്മവേണം നമ്മളെ പഠിപ്പിക്കുന്നത് പരമപിതാ പരമാത്മാവാണെന്നത്. നമ്മൾ പഠിച്ച് 21 ജന്മങ്ങളിലേയ്ക്ക് ഉയർന്ന പദവി നേടും പിന്നീട് നമ്മൾ തന്നെ പൂജ്യരിൽ നിന്നും പൂജാരിയായി മാറും. ആരാണോ ബ്രാഹ്മണകുലത്തിന്റേതാകുന്നത് അവർക്കേ ഇങ്ങനെ പറയാൻ കഴിയൂ. മറ്റാർക്കും പറയാൻ കഴിയില്ല. ഭാരതത്തിന്റെ കളിയാണ് ഉണ്ടാക്കപ്പെട്ടിരിക്കുന്നത്. നിങ്ങൾ പറയും ഞങ്ങൾ പൂജ്യ ദേവീദേവതകളായി മാറുകയാണ്. പൂജ്യർ തന്നെയാണ് പിന്നീട് വീണ് 84 ജന്മങ്ങൾ എടുക്കുന്നത്. കുട്ടികൾക്ക് ഇതെല്ലാം അറിയാം. ശിവബാബയുടെ കർത്തവ്യത്തേയും നിങ്ങൾ കുട്ടികൾ അറിയുന്നു. സെക്കന്റിൽ നിശ്ചയത്താൽ നിങ്ങൾക്ക് സമ്പത്ത് എടുക്കാൻ കഴിയും. ഞങ്ങൾ ഈശ്വരന്റേതായി മാറിയിരിക്കുന്നു എന്ന് പറഞ്ഞതിനുശേഷം ഉപേക്ഷിച്ചുപോവുക എന്നത് അത്ഭുതമല്ലേ. സ്ക്കൂളിൽ പഠിക്കുന്നു, നല്ല മാർക്കോടെ പാസായാൽ അവരെ സൽപുത്രരെന്ന് മനസ്സിലാക്കാം. വിദ്യാർത്ഥികൾ സ്വയം ഞാൻ സൽപുത്രനാണെന്നു മനസ്സിലാക്കും. അച്ഛനും ടീച്ചറും പറയും ഇത് സൽപുത്രനാണ്. ഇവിടെയാണെങ്കിൽ അച്ഛനും ടീച്ചറും സദ്ഗുരുവും ഒരാളാണ്. അച്ഛനുമാണ് പിന്നെ പഠിപ്പിക്കുന്നുമുണ്ട് എന്നിട്ട് കൂടെ കൊണ്ടുപോവുകയും ചെയ്യും. അച്ഛൻ പറയുന്നു നമ്മൾ ഒരുമിച്ച് പോകും. നിങ്ങളുടെ ജ്യോതി അണഞ്ഞിരുന്നു, ഇപ്പോൾ തെളിയുകയാണ്. എന്റെ ജ്യോതി സദാ തെളിഞ്ഞിരിക്കുന്നതാണ്. ഇത് എല്ലാ ആത്മാക്കളുടേയും കാര്യമാണ്. നിങ്ങൾക്ക് അറിയാം നമ്മൾ ആത്മാക്കൾ അശരീരിയായാണ് വന്നത്, ഇനി അശരീരിയായി പോകണം. നമ്മുടെ കളി പൂർത്തിയായി വീണ്ടും ആവർത്തിക്കണം. ഇത് നിങ്ങൾ കുട്ടികൾക്ക് മനസ്സിലായി.

അങ്ങുതന്നെയാണ് മാതാവും പിതാവും.......... അങ്ങയുടെ പഠിപ്പിന്റെ കൃപയാൽ ഞങ്ങൾക്ക് എത്ര അളവില്ലാത്ത സുഖം ലഭിക്കുന്നു. ഇങ്ങനെയുള്ള മാതാപിതാവിനെ ഒരിയ്ക്കലും മറക്കുകയോ, ഉപേക്ഷിക്കുകയോ ചെയ്യരുത്. ബാബ പറയുന്നു നിങ്ങൾക്ക് ഇത്രയും സമ്പത്ത് നൽകുന്ന, ഇങ്ങനെയുള്ള മാതാ പിതാ ബാപ്ദാദയ്ക്ക് കത്തുകൾ എഴുതിക്കൊണ്ടിരുന്നാൽ ബാബ മനസ്സിലാക്കും– ഓർമ്മിക്കുന്നുണ്ട്. ദിവസവും ബാബയുടെ ഓർമ്മയും സ്നേഹവും മുരളിയിലൂടെ പോകുന്നുണ്ട്. കുട്ടികളുടെ കത്ത് കിട്ടാൻ വൈകിയാൽ കരുതും പൂർണ്ണമായി ഓർമ്മിക്കുന്നില്ല. ബാബയ്ക്ക് എഴുതേണ്ട ആവശ്യമില്ല. ബാബയുടെ മുരളി ദിവസവും പോകുന്നുണ്ട്. ഓർമ്മയും സ്നേഹവും ബാബ നൽകുന്നുമുണ്ട്. ബാബ എന്നും തിളങ്ങുന്ന ജ്യോതിയാണ്. കുട്ടികൾക്ക് മനസ്സിലാക്കിത്തരുന്നു, കത്ത് തീർച്ചയായും എഴുതിക്കൊണ്ടിരിക്കു. വിശേഷപ്പെട്ട കുട്ടികളേക്കുറിച്ച് വേവലാതിയില്ല. ചഞ്ചലപ്പെട്ടുകൊണ്ടിരിക്കുന്ന കുട്ടികൾക്കാണ് മുന്നറിയിപ്പ് നൽകുന്നത്– മറന്നുപോകരുത്, പഠിച്ചുകൊണ്ടിരിക്കണം. എല്ലാ വാർത്തകളും ബാബയുടെ അടുത്ത് എത്തുന്നുണ്ടല്ലോ. രജിസ്റ്ററിൽ പേര് മാർക്ക് ചെയ്തിരിക്കും. അപ്പോൾ ചോദിക്കും ഈ കുട്ടി എന്തുകൊണ്ടാണ് ഇന്ന് വരാത്തത്? ദിവസവും വരുന്നില്ലെങ്കിൽ കരുതും മരിച്ചുപോയി. ബാബ ചേദിക്കും– ഇന്ന കുട്ടിയുടെ ഒരു വർത്തമാനവും ഇല്ലല്ലോ? അപ്പോൾ എഴുതും ആ കുട്ടി ഇപ്പോൾ വരുന്നേയില്ല, സംശയ ബുദ്ധിയായി മാറിയിരിക്കുന്നു. ശരി, നാളെ ചിലപ്പോൾ നിശ്ചയബുദ്ധിയായി മാറാം. ശരി!

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണക്കുള്ള മുഖ്യസാരം –

1. വിജയമാലയിൽ വരുന്നതിനുള്ള ധൈര്യം കാണിക്കണം. സ്മരിക്കുന്നതിന് യോഗ്യരായി മാറുന്നതിനായി എല്ലാവർക്കും സുഖം നൽകണം.

2. സൽപുത്രനായ വിദ്യാർത്ഥിയായി മാറി അച്ഛന്റേയും ടീച്ചറിന്റേയും പേര് പ്രശസ്ഥമാക്കണം. ഒരിയ്ക്കലും കാമത്തിന്റേയോ ക്രോധത്തിന്റേയോ ഭുതത്തിന് വശപ്പെട്ട് തലതിരിഞ്ഞ കാര്യങ്ങൾ ചെയ്യരുത്.

## വരദാനം:– ചെയ്യുന്നവനും ചെയ്യിപ്പിക്കുന്നവനും എന്ന സ്മൃതിയിലൂടെ വിഘ്നങ്ങളുടെ ബീജത്തെ സമാപ്തമാക്കുന്ന ശക്തിശാലി ആത്മാവായി ഭവിക്കട്ടെ.

സർവ്വ വിഘ്നങ്ങളുടെയും ബീജം രണ്ട് ശബ്ദങ്ങളിലാണ്– 1. അഭിമാനം 2. അപമാനം. സേവനരംഗത്ത് വരുമ്പോഴാണെങ്കിൽ അഭിമാനം വരും അതായത് ഞാൻ ഇത് ചെയ്തു, എനിക്കേ ചെയ്യാൻ കഴിയൂ....എന്നിട്ട് എന്നെ എന്തുകൊണ്ടാണ് മുന്നിൽ വെക്കാത്തത്, എന്നോട് ഇത് എന്തിന് പറഞ്ഞു, ഇത് എന്നെ അപമാനിച്ചതാണ്. ഇങ്ങനെയുള്ള ഭാവന ഭിന്ന–ഭിന്ന വിഘ്നങ്ങളുടെ രൂപത്തിൽ വരുന്നു. ഈശ്വരന്റെ സഹായികളാണ്, ചെയ്യിപ്പിക്കുന്നവൻ ബാബയാണ് എങ്കിൽ അഭിമാനം എവിടെ നിന്ന് വന്നു, എവിടെ നിന്ന് അപമാനം ഉണ്ടായി? അതിനാൽ കമ്പൈന്റ് രൂപത്തിന്റെ സ്മൃതിയിലൂടെ ശക്തിശാലി ആത്മാവാകൂ എങ്കിൽ വിഘ്നങ്ങളുടെ ബീജം സദാ കാലത്തേക്ക് സമാപ്തമാകും.

## സ്ലോഗൻ:– ജ്ഞാനസ്വരൂപരാകണമെങ്കിൽ ബാബയോടും പഠിപ്പിനോടും തുല്യ സ്നേഹമുണ്ടായിരിക്കണം.